# സീറോമലബാർ സഭയുടെ

# ആരാധനക്രമത്തിന്റെ ചരിത്രം

## 1. സീറോമലബാർ സഭയുടെ ചരിത്രം

ഈശോമിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായിൽനിന്നും വിശ്വാസവെളിച്ചം സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവരാണ് മാർത്തോമ്മാക്രിസ്ത്യാനികൾ. എ.ഡി. 52-ൽ കൊടുങ്ങല്ലൂരിൽ (മുസിരിസ്) കപ്പലിൽ വന്നിറങ്ങിയ ശ്ലീഹാ, ഇന്ത്യയിൽ പലയിടങ്ങളിലും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും ഏഴര പള്ളികൾ - കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, നിലയ്ക്കൽ (ചായൽ), കോക്കമംഗലം, കോട്ടക്കാവ് (പറവൂർ), പാലയൂർ, തിരുവാംകോട് എന്നിവിടങ്ങളിൽ - സ്ഥാപിക്കുകയും ചെയ്തു. എ.ഡി. 72-ൽ മൈലാപ്പൂരിൽവെച്ച്ശ്ലീഹാ രക്തസാക്ഷിത്വമകുടം ചൂടി.

ശ്ലൈഹികകാലത്തുതന്നെ സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ സഭ മാർതോമ്മാശ്ലീഹായുടെ പാരമ്പര്യം പൈതൃകമായുള്ള പേർഷ്യൻ സഭയുമായി ആദ്യനൂറ്റാണ്ടുമുതൽ സമ്പർക്കം പുലർത്തിയിരുന്നു. മധ്യപൂർവ്വദേശവുമായുള്ള വാണിജ്യബന്ധം ഇതിന് പശ്ചാത്തലമായി തീർന്നിട്ടുണ്ട്. നാലാം നൂറ്റാണ്ടിൽ പേർഷ്യൻസഭയിലുണ്ടായ മതമർദ്ദനം അവിടെ നിന്നുള്ള ക്രൈസ്തവരുടെ ഇന്ത്യയിലേക്കുള്ള കുടിയേറ്റത്തിന് കാരണമായി. ക്നാനായി തൊമ്മന്റെയും കൂട്ടരുടേയും വരവ് ഇതിൽ ശ്രദ്ധേയമാണ്. ഇരുസഭകൾക്കും പൊതുവായുണ്ടായിരുന്ന അപ്പസ്തോലികപൈതൃകം പൗരസ്ത്യസുറിയാനി പാരമ്പര്യമുള്ള പേർഷ്യയിലെ സഭയുമായി സജീവബന്ധം പുലർത്തുന്നതിന് ഇടവരുത്തി. നിഖ്യാസൂനഹദോസിൽ (325) പേർഷ്യയുടെയും ഇൻഡ്യയുടെയും മെത്രാനായി ഒപ്പിട്ടിരിക്കുന്ന പേർഷ്യാക്കാരനായ മാർ ജോൺ, നാലാം നൂറ്റാണ്ടുമുതൽഇന്ത്യയിലെ മാർത്തോമ്മാനസ്രാണികൾക്ക് ആ സഭയുമായുണ്ടായിരുന്ന ബന്ധത്തിന്റെ തെളിവാണ്.

ഇന്ത്യയിലേയും പേർഷ്യയിലേയും സഭകൾക്കു പൊതുവായി പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഉണ്ടായിരുന്നത്. എ.ഡി. 500 -നും 525-നും മദ്ധ്യേ ഇൻഡ്യ സന്ദർശിച്ച കോസ്മസ് ഇൻഡിക്കോപ്ലസ്റ്റസ് എന്ന സഞ്ചാരി ഇൻഡ്യയിൽ കണ്ട ക്രൈസ്തവരെക്കുറിച്ചും പേർഷ്യൻ മെത്രാനെക്കുറിച്ചും *ക്രിസ്ത്യൻ ടോപ്പോഗ്രഫി* എന്ന തന്റെ ഗ്രന്ഥത്തിൽരേഖപ്പെടുത്തുന്നുണ്ട്. വിശ്വാസപരമായും ആരാധനക്രമപരമായും ഇരുസഭകളും തമ്മിലുണ്ടായിരുന്ന ബന്ധം ഇൻഡ്യയിലെ സഭയ്ക്ക് പേർഷ്യൻസഭയിലെ മെത്രാന്മാരെ സ്വീകരിക്കുന്നതിനും അവരുടെ ആത്മീയനേതൃത്വം സ്വീകരിക്കുന്നതിനും നിമിത്തമായി. 16-ാം നൂറ്റാണ്ടുവരെ പേർഷ്യയിൽ നിന്നുള്ള മെത്രാൻമാരായിരുന്നു ഇവിടെആത്മീയനേതൃത്വം വഹിച്ചിരുന്നത്. ' 'ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. എന്നാൽ, സഭയുടെ ഭൗതികമായ ഭരണം നിറവേറ്റിയിരുന്നത് മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടിരുന്നഒരു വൈദികനാണ്. 'ഇൻഡ്യ മുഴുവന്റെയും ആർച്ചുഡീക്കൻ,' 'ജാതിക്കു കർത്ത

വ്യൻ' എന്നീ പേരുകളിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. സഭാപൊതുയോഗത്തിന്റെയും പ്രാദേശികയോഗങ്ങളുടെയും പള്ളിയോഗങ്ങളുടെയും സഹായത്തോടെ അദ്ദേഹം സഭാഭരണം നിർവഹിച്ചു.

മാർത്തോമ്മാക്രിസ്ത്യാനികളുടെ സാമൂഹികജീവിതം അന്നത്തെ ഇന്ത്യൻ സംസ്കാരത്തോടു അനുരൂപപ്പെട്ടതും ആദ്ധ്യാത്മികത, ഇന്ത്യൻ-പൗരസ്ത്യ പാരമ്പര്യങ്ങൾക്കനുസൃതവും ആയിരുന്നു. പൗരസ്ത്യസുറിയാനി പാരമ്പര്യവും ഇന്ത്യൻ സാംസ്കാരികത്തനിമയും ഉൾച്ചേർന്ന ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, സഭാഭരണസമ്പ്രദായം എന്നിവ പ്രതിഫലിപ്പിക്കുന്ന ജീവിതശൈലിയാണു മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭാജീവിതത്തിൽ പ്രതിഫലിച്ചിരുന്നത്. ഈ ജീവിതശൈലിയെയാണ് *മാർത്തോമ്മാമാർഗ്ഗം* എന്ന് വിളിക്കുന്നത്.

16-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ പാശ്ചാത്യാമിഷനറിമാരായ പോർച്ചുഗീസുകാർ *മാർത്തോമ്മാമാർഗ്ഗ*ത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളെയാണ് കണ്ടുമുട്ടിയത്. സൗഹൃദത്തിൽ ആരംഭിച്ച ബന്ധത്തിൽസാവധാനം ഉലച്ചിലുകളുണ്ടായി. തങ്ങൾ ശീലിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായ ഒരു ക്രൈസ്തവജീവിതശൈലി അംഗീകരിക്കാൻ പോർച്ചുഗീസ് മിഷനറിമാർക്കു സാധിച്ചില്ല. അതുകൊണ്ട് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാക്രമവിധികളെയും ആചാരാനുഷ്ഠാനങ്ങളെയും ക്രമേണ പാശ്ചാത്യ സഭയുടെ ആരാധനാക്രമവിധികളോടും ആചാരാനുഷ്ഠാനങ്ങളോടും അനുരൂപപ്പെടുത്താനുള്ള പദ്ധതികൾ അവർ ആസുത്രണം ചെയ്തു. 1599-ലെ ഉദയംപേരൂർ സൂനഹദോസിലൂടെ ആ പദ്ധതി അവർ പ്രയോഗത്തിലാക്കി. സൂനഹദോസ് കഴിഞ്ഞയുടനെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പോർച്ചുഗീസ് *പദ്രോവാദൊ* ഭരണത്തിൻ കീഴിലാക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ മാതൃസഭയിൽ മിഷനറിമാർ വരുത്തിയ മാറ്റങ്ങളെ, പ്രത്യേകിച്ച് സഭാഭരണഘടനയുടെ മാറ്റങ്ങളെ, മാർത്തോമ്മാക്രിസ്ത്യാനികൾ എതിർത്തു. പദ്രോവാദൊ ഭരണത്തിനെതിരെ മാർത്തോമ്മാക്രിസ്ത്യാനികൾ നടത്തിയ എതിർപ്പിന്റെ അത്യുച്ചിയായിരുന്നു 1653 ജനുവരി 3-ലെ കൂനൻകുരിശു സത്യം. ഈ പ്രഖ്യാപനം സഭയിൽ ഒരു പിളർപ്പിനുതന്നെ കാരണമായി.

കൂനൻകുരിശ് സത്യം ചെയ്തവരിൽ ഒരു വിഭാഗം പിന്നീട് അന്ത്യോക്യൻ പാരമ്പര്യം സ്വീകരിച്ച് യാക്കോബായ സഭാംഗങ്ങളായി തീർന്നു. *പുത്തൻകൂറ്റുകാർ* എന്നാണ് പിന്നീടവർ അറിയപ്പെട്ടത്. ഈ സാഹചര്യത്തിൽ *പ്രൊപ്പഗാന്താ ഫീദെ* എന്ന തിരുസംഘത്തിന്റെ മിഷനറി സംവിധാനത്തിലൂടെ റോമാസിംഹാസനം നേരിട്ട് സഭയിൽ ഇടപെടുകയും ഒരു പുതിയ ഭരണസംവിധാനം താത്കാലികമായി ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ, ഈ താത്കാലിക ക്രമീകരണം രണ്ടു നൂറ്റാണ്ടിലേറെ തുടർന്നു. *പദ്രോവാദോ, പ്രൊപ്പഗാന്ത* എന്നീ രണ്ടു മിഷനറി ഭരണസമ്പ്രദായങ്ങളെയും ഉൾക്കൊള്ളാനാകാതെ മാർത്തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെ പൈതൃകം വീണ്ടെടുക്കുന്നതിനും, സ്വജാതിമെത്രാന്മാരെ ലഭിക്കുന്നതിനും, തങ്ങളുടെതന്നെ ബന്ധുക്കളും ചാർച്ചക്കാരുമായ പുത്തൻകുറ്റുകാരെ മാതൃസഭയുമായി ഐക്യപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. മാർ ജോസഫ് കരിയാറ്റി, പാറേമ്മാക്കൽ തോമ്മാ കത്തനാർ എന്നിവരും അവർക്കു മുമ്പും പിമ്പും മറ്റു പലരും മേല്പറഞ്ഞ കാര്യങ്ങൾക്കായി പരിശ്രമങ്ങൾ നടത്തിയെ

ങ്കിലും അവ ഒന്നും സ്ഥായിയായ ഫലമണിഞ്ഞില്ല. മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്വയം ഭരണത്തിനുവേണ്ടിയുള്ള നൂറ്റാണ്ടുകൾ നീണ്ടുനിന്ന ശ്രമങ്ങൾക്ക് വ്യക്തമായ രൂപം കൈവന്നത് 19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലാണ്.

1886 സെപ്തം. 1 -ന് ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചപ്പോൾ കത്തോലിക്കാ വിശ്വാസികളായ മാർത്തോമ്മാ ക്രിസ്ത്യാനികളെ മുഴുവൻ വരാപ്പുഴ മെത്രാപ്പോലീത്താ ലെയനാർദ് മെലാനോയുടെ അധീനതയിലാക്കി. സ്വജാതിമെത്രാൻമാർക്കായുള്ള പ്രയത്നങ്ങൾ തീവ്രമായി തുടരവേ 1887 -ൽ ലെയോ 13-ാമൻ പാപ്പാ സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽ നിന്നും വേർപെടുത്തി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ അവർക്കായി സ്ഥാപിച്ചു. 1896 ജൂലൈ 28-ന് ഈ വികാരിയാത്തുകൾ പുനഃക്രമീകരിച്ച് എറണാകുളം, ചങ്ങനാശ്ശേരി, തൃശൂർ എന്നീ മൂന്നു വികാരിയാത്തുകൾ സ്ഥാപിക്കുകയും മാർ ളൂയീസ് പഴേപറമ്പിൽ, മാർ മാത്യു മാക്കീൽ, മാർ ജോൺ മേനാച്ചേരി എന്നീ നാട്ടുമെത്രാന്മാരെ അവയുടെ തലവന്മാരായി യനിയമിക്കുകയും ചെയ്തു. അങ്ങനെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന സുറിയാനിക്കാരുടെ സ്വജാതിമെത്രാൻമാർക്കായുള്ള അഭിലാഷവും പ്രയത്നവും പൂവണിഞ്ഞു.

1923 ഡിസംബർ 21-നു എറണാകുളം അതിരൂപതയായി ഉയർത്തപ്പെടുകയും, ചങ്ങനാശ്ശേരി, തൃശൂർ, ക്നാനായ കത്തോലിക്കർക്കായി 1911-ൽ സ്ഥാപിച്ച കോട്ടയം എന്നിവയെ സാമന്തരൂപതകളായി പ്രഖ്യാപിച്ച് സീറോമലബാർ ഹയരാർക്കി സ്ഥാപിക്കുകയും ചെയ്തതോടെ മാർത്തോമ്മാക്രിസ്ത്യാനികളായ സുറിയാനികത്തോലിക്കരുടെ സഭ, ***സീറോമലബാർ സഭ***എന്നറിയപ്പെടാൻ തുടങ്ങി. 1956 -ൽ ചങ്ങനാശ്ശേരി രൂപത, അതിരൂപതയായി ഉയർത്തപ്പെട്ടു.

1992 ഡിസംബർ 16-ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർ സഭയെ പൗരസ്ത്യകാനൻനിയമമനുസരിച്ച് സ്വയം ഭരണാധികാരമുള്ള മേജർആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. എറണാകുളം-അങ്കമാലിയാണ് മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനം. മാർ ആന്റണി പടിയറയായിരുന്നു ആദ്യ മേജർ ആർച്ചുബിഷപ്പ്. 1995-ൽ തൃശൂർ, തലശ്ശേരി രൂപതകളും 2005-ൽ ക്നാനായർക്കുള്ള കോട്ടയം രൂപതയും അതിരൂപതകളായി ഉയർത്തപ്പെട്ടു. ഇന്ന് സീറോമലബാർ സഭയ്ക്ക്ഇന്ത്യയിൽ സ്വയംഭരണാനുമതിയുള്ള പ്രദേശത്ത് 5 അതിരൂപതകളും 13 രൂപതകളും ഉണ്ട്. മിഷൻപ്രവർത്തനമേഖലയായി ആരംഭിച്ച് മിഷൻ രൂപതകളായി മാറിയ 9 മിഷൻ രൂപതകളും (ഛാന്ദ, സാഗർ, സത്ന, ഉജ്ജെജൻ, ബിജ്നോർ, ജഗദൽപൂർ, രാജക്കോട്ട്, ഗോരക്പൂർ, അദിലാബാദ്) പ്രവാസികളായി കഴിയുന്നവർക്കുവേണ്ടി നല്കപ്പെട്ട 2 രൂപതകളും (കല്യാൺ, ഫരീദാബാദ്) പ്രവാസികളായി വിദേശത്ത് വസിക്കുന്നവർക്കുവേണ്ടി 2 രൂപതകളും (ചിക്കാഗോ, മെൽബൺ) ഉൾപ്പെടെ ആകെ 31 രൂപതകളാണുള്ളത്.

**2. ആരാധനക്രമചരിത്രം**

***2.1. അപ്പസ്തോലിക കാലഘട്ടം***

ഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ശ്ലൈഹികകാലഘട്ടത്തിലെ ആരാധനക്രമത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ല. *തോമ്മായുടെ നടപടികൾ* എന്ന അപ്പോക്രിഫൽ ഗ്രന്ഥം ഇന്ത്യയിലെ ആരാധനാഘോഷങ്ങളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളിലും ചരിത്രപരമായ കൃത്യത അവകാശപ്പെടാനാവില്ലെങ്കിലും സാമൂഹികാചാരങ്ങളെയും പ്രാർത്ഥനാരീതികളെയും കുറിച്ചുള്ള പ്രതിപാദനങ്ങൾ ശരിയാകാനാണ് സാധ്യതയെന്ന് *തോമ്മായുടെ നടപടി*കളെക്കുറിച്ചുള്ള ശാസ്ത്രീയപഠനങ്ങൾ വ്യക്തമാക്കുന്നു. തന്മൂലം ഈ ഗ്രന്ഥത്തിൽ തോമ്മാശ്ലീഹായുടെയും ശിഷ്യരുടെയും ആരാധനാഘോഷങ്ങളെക്കുറിച്ച് പറയുന്ന കാര്യങ്ങൾക്ക് ചരിത്രാടിസ്ഥാനം ഉണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. വളരെ ലളിതവും ഹ്രസ്വവുമായ ഒരു കുർബാനയർപ്പണത്തെക്കുറിച്ചാണ് *തോമ്മായുടെ നടപടികൾ* പ്രതിപാദിക്കുന്നത്. കാർമ്മികൻ കൃതജ്ഞതാസ്തോത്ര പ്രാർത്ഥന ചൊല്ലി കുർബാനയർപ്പിക്കുന്നു; വിശ്വാസികളെല്ലാം തിരുശ്ശരീരരക്തങ്ങളിൽ പങ്കുകാരാകുന്നു. എന്നാൽ പ്രാർത്ഥനകളുടെയോ അനുഷ്ഠാനങ്ങളുടെയോ സൂക്ഷ്മമായ വിവരണം *തോമ്മായുടെ നടപടി*പ്പുസ്തകം നല്കുന്നില്ല. എന്നുവരികിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുപോയ മറ്റു ശ്ലീഹന്മാർ ചെയ്തതുപോലെ ഇന്ത്യയിലെത്തിയ തോമ്മാശ്ലീഹായും വിശ്വാസികൾക്കുവേണ്ടി അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്തിരുന്നു എന്നും അങ്ങനെ വിശുദ്ധ കുർബാന അർപ്പിച്ചിരുന്നുവെന്നും ചിന്തിക്കുന്നത് യുക്തിസഹജമാണ്.

### *2.2. ഒന്നും രണ്ടും നൂറ്റാണ്ടുകൾ*

ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ ലിറ്റർജിയെക്കുറിച്ച് ചില സൂചനകൾ *ഡിഡാക്കെ,* രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിന്റെ *വിശ്വാസസമർഥനം (Apology), തോമ്മായുടെ നടപടികൾ* എന്നീ പുരാതനരേഖകളിൽ നിന്ന് ലഭ്യമാണ്. പ്രാർത്ഥനകൾക്കോ, അനുഷ്ഠാനങ്ങൾക്കോ നിയതമായ ഒരു രൂപം ഇല്ലായിരുന്നു എന്നതാണ് ഈ നൂറ്റാണ്ടുകളിലെ ലിറ്റർജിയുടെ പ്രത്യേകത. സൂക്ഷ്മാംശങ്ങളിൽ ഐകരൂപ്യമില്ലായിരുന്നുവെങ്കിലും അടിസ്ഥാനപരമായി അന്ത്യോക്യായിലെയും, റോമിലെയും, എദേസയിലെയും, മലബാറിലെയും ലിറ്റർജികൾക്ക് തമ്മിൽ വളരെ സമാനതകളുണ്ടായിരുന്നു. അതിന്റെ അടിസ്ഥാന കാരണം അവയെല്ലാം ശ്ലൈഹികലിറ്റർജികളായിരുന്നുവെന്നതു തന്നെ. ശ്ലീഹന്മാർ കർത്താവിന്റെ ഉത്ഥാനശേഷം ഭവനങ്ങളിൽ ഒരുമിച്ചുകൂടി അപ്പം മുറിക്കൽശുശ്രൂഷ നടത്തിയിരുന്നു. മാത്രമല്ല, മിശിഹായിലുള്ള വിശ്വാസത്തിലേയ്ക്കു കടന്നുവന്ന യഹൂദരുടെ പ്രാർത്ഥനകൾ ആദിമ ക്രൈസ്തവസഭയുടെ പ്രാർത്ഥനകളെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. വിശുദ്ധ കുർബാനയുടെ *അനാഫൊറ* (കൃതജ്ഞതാസ്തോത്ര പ്രാർത്ഥന) ഗണ്യമായ നിലയിൽ യഹൂദരുടെ ആശീർവാദ പ്രാർത്ഥനകളോട് (*ബെറാക്കാ)* കടപ്പെട്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ വചനശുശ്രൂഷയ്ക്കായി അവർ സിനഗോഗിലാണ് പോയിരുന്നത്. പില്ക്കാലത്ത് സിനഗോഗുകളിൽ നിന്ന് അവർ അകറ്റപ്പെട്ടപ്പോൾ അപ്പം മുറിക്കലിനോടനുബന്ധിച്ചുതന്നെ വചനശുശ്രൂഷയും നടത്താൻ തുടങ്ങി. പഴയ നിയമഗ്രന്ഥങ്ങൾക്കു പുറമെ ശ്ലീഹന്മാരുടെ ഓർമ്മക്കുറിപ്പുകളും വിവിധ സഭകൾക്കെഴുതിയ ലേഖനങ്ങളും ആരാധനാസമ്മേളനങ്ങളിൽ വായിക്കുക പതിവായി. അതേസമയം, പ്രാർത്ഥനകൾക്കു നിയതരൂപം കൈവന്നിട്ടില്ലാതിരുന്നതി

നാൽ കാർമ്മികന്റെ മനോധർമ്മമനുസരിച്ച് വ്യത്യാസങ്ങളോടെയാണ് ചൊല്ലിയിരുന്നത്. ലോകമെമ്പാടുമുള്ള ക്രൈസ്തവ ലിറ്റർജിയുടെ അവസ്ഥ ഇതായിരുന്നു.

### *2.3. മൂന്ന്, നാല് നൂറ്റാണ്ടുകൾ*

മൂന്ന്, നാല് നൂറ്റാണ്ടുകളോടെയാണ് അലക്സാണ്ട്രിയൻ, അന്ത്യോക്യൻ, പേർഷ്യൻ (പൗരസ്ത്യസുറിയാനി) എന്നീ വ്യത്യസ്ത ആരാധനക്രമപാരമ്പര്യങ്ങൾ നിയത രൂപം പ്രാപിക്കുന്നത്. പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭകളുമായി മാർത്തോമ്മാക്രിസ്ത്യാനികൾ നല്ല ബന്ധം പുലർത്തിയിരുന്നതിനാൽ വിശ്വാസത്തിൽ തങ്ങളുടെ പൊതുപിതാവായ മാർത്തോമ്മാശ്ലീഹായുടെ പൈതൃകം പേറുന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് അവർ സ്വന്തമായി സ്വീകരിച്ചത്. ഈ ആരാധനക്രമം അടിസ്ഥാനരൂപം പ്രാപിച്ചത് നാലാം നൂറ്റാണ്ടിൽ എദേസാ കേന്ദ്രമാക്കിയാണ്.

തോമ്മാശ്ലീഹായെ പൊതുപിതാവായി കാണുന്ന എദേസൻ, പേർഷ്യൻ, മലബാർ സഭകൾക്ക് അതിനാൽതന്നെ ഒരേ ലിറ്റർജി സ്വീകരിക്കുക എളുപ്പമായിരുന്നു. യഹൂദ കോളനികളുടെ സാന്നിധ്യം, മധ്യപൗരസ്ത്യപ്രദേശങ്ങളുമായുള്ള വാണിജ്യബന്ധങ്ങൾ, അറമായ (സുറിയാനി) ഭാഷയുടെ ഉപയോഗം എന്നീ ഘടകങ്ങളും പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിന്റെ സ്വീകരണത്തിന് വഴിയൊരുക്കി. 'മാർതോമ്മാശ്ലീഹായിൽ നിന്ന് ഞങ്ങൾ സ്വീകരിച്ച ആരാധനക്രമം'എന്നാണ് മാർത്തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെ ആരാധനക്രമത്തെ വിശേഷിപ്പിച്ചുകൊണ്ട് 1578 –ൽ ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പയ്ക്ക് എഴുതിയത്.

പൊതുപൈതൃകമായിരുന്ന പൗരസ്ത്യസുറിയാനി ആരാധനക്രമത്തോട് മാർത്തോമ്മാക്രിസ്ത്യാനികൾ മമത പുലർത്തിയിരുന്നെങ്കിലും അത് അതേപടി പകർത്തി എന്നു കരുതേണ്ടതില്ല. അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യതിയാനം വരുത്താതെ തദ്ദേശീയമായ ഘടകങ്ങൾ ദൈവാരാധനയ്ക്കായി ഉപയോഗിക്കുന്ന സ്ഥലത്തും സാധനങ്ങളിലും ആചാരങ്ങളിലും ചേർത്തുകൊണ്ട് ആരാധനാക്രമം അവർ പരികർമ്മ ചെയ്തിട്ടുണ്ടാകും.ഇവ്വിധമുള്ള സാംസ്ക്കാരികാനുരൂപണങ്ങൾ വിശുദ്ധ കുർബാനയിലും മറ്റുകൂദാശകളിലും കൂദാശാനുകരണങ്ങളിലും വരുത്തിയിട്ടുണ്ടാവുമെന്നത് തികച്ചും സ്വാഭാവികമാണ്. പ്രാദേശിക വാസ്തുശില്പശൈലി പശ്ചാത്തലമാക്കി സ്വീകരിച്ച് ദൈവാലയം നിർമ്മിക്കുന്ന രീതി മലബാർ ക്രിസ്ത്യാനികളുടെ തനിമയുടെ ഭാഗമാണ്. മദ്ബഹായുടെ മേൽക്കൂരയിലുള്ള സ്ലീവായൊഴിച്ചാൽ ക്രിസ്തീയദൈവാലയങ്ങളെ മറ്റ് ആരാധനാലയങ്ങളിൽനിന്ന് തിരിച്ചറിയാൻ വിഷമമായിരുന്നുവെന്ന് മിഷനറിമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവാഹച്ചടങ്ങിലെ താലി, മന്ത്രകോടി, മരണത്തോടനുബന്ധിച്ചുള്ള പ്രത്യേക ആചാരാനുഷ്ഠാനങ്ങൾ എന്നിവയും അനുരൂപണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

### *2.4. ഉദയംപേരൂർ സൂനഹദോസുവരെ*

വിശുദ്ധ കുർബാനയ്ക്കു പൗരസ്ത്യസുറിയാനി ആരാധനക്രമം ആയിരുന്നു ഉദയംപേരൂർ സൂനഹദോസുവരെ (1599) മാർത്തോമ്മാക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നത്. അവരുടെ നിലവിലുണ്ടായിരുന്ന കുർബാന തക്സയിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ച് സുനഹദോസിന്റെ അദ്ധ്യക്ഷനും ഗോവാ മെത്രാപ്പോലീത്തായുമായിരുന്ന

ഡോം അലക്സിസ് മെനേസിസ്  പല മാറ്റങ്ങളും വരുത്തി.  എന്നാൽ കുർബാനയുടെ ഘടനയിൽ മാറ്റംവരുത്താൻ മെനേസിസ് ശ്രമിച്ചില്ല. സുറിയാനി ഭാഷയിലൂടെ നെസ്തോറിയൻ പാഷണ്ഡത മാർത്തോമ്മാക്രിസ്ത്യാനികളുടെ പ്രാർത്ഥനകളിലും കടന്നുകൂടിയിട്ടുണ്ടാവുമെന്ന് മിഷനറിമാർ സംശയിച്ചതിന്റെ പരിണിതഫലമായിട്ടാണ് പല പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും അവർ തിരുത്തിയത്. ഉദയംപേരൂർ സൂനഹദോസിൽ അവതരിപ്പിച്ച തക്സയും മറ്റു ചില കൈയ്യെഴുത്തുപ്രതികളും സൂനഹദോസിൽ വരുത്തിയ മാറ്റങ്ങളും അതിനുമുൻപു നിലവിലുണ്ടായിരുന്നരീതികളും ഏവയെന്ന് വ്യക്തമാക്കുന്നുണ്ട്.[1] കൂടാതെ, 1604 -ൽ എഴുതപ്പെട്ട  Report on the Serra എന്ന പോർച്ചുഗീസ് ഗ്രന്ഥം സൂനഹദോസിനുമുമ്പുള്ള വിശുദ്ധ കുർബാനയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും  ഏതാണ്ടൊരു ചിത്രം നല്കുന്നുണ്ട്.

### *2.5. ഉദയംപേരൂർ സൂനഹദോസിനു ശേഷം*

ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയപ്രകാരമുള്ള മാറ്റങ്ങളോടുകൂടിയ തക്സയാണ് മാർത്തോമ്മാക്രിസ്ത്യാനികൾ സൂനഹദോസിനു ശേഷം ഉപയോഗിച്ചത്. കുർബാനയിലെ വിശ്വാസപ്രമാണം റോമൻ ക്രമത്തിലേതുപോലെയാക്കിയിരുന്നു.[2] നെസ്തോറിയസ്, തിയദോർ എന്നിവരുടെ പേരുകൾ കാറോസൂസയിൽ ചേർത്തു പ്രാർത്ഥിച്ചിരുന്നത് നീക്കം ചെയ്തു. തെയദോറിന്റെയും നെസ്തോറിയസിന്റെയും പേരിൽ അറിയപ്പെട്ടിരുന്ന രണ്ട് അനാഫൊറകളും കത്തിച്ചു കളയണമെന്ന് ഉദയംപേരൂർ സൂനഹദോസ് കല്പിച്ചു.[3]വിശുദ്ധ കുർബാനയ്ക്ക്  പോർച്ചുഗലിൽ നിന്നുകൊണ്ടുവന്നിരുന്ന വീഞ്ഞുതന്നെ വേണമെന്നും പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കണമെന്നും മിഷനറിമാർ നിർബന്ധിച്ചു.

രണ്ട് സാദൃശ്യങ്ങളിലും വിശുദ്ധ കുർബാന സ്വീകരിക്കുന്ന പതിവ് എല്ലാ സഭകളിലും നിലനിന്നിരുന്നു.  ലത്തീൻ സഭയിൽ ഇതിനു വ്യത്യാസം വരുത്തിയത് ട്രെന്റ് ് സൂനഹദോസാണ് (1545-1563). അപ്പോഴും പൗരസ്ത്യ സഭകളിൽ ഈ പതിവ് തുടർന്നു പോന്നു. ഉദയംപേരൂർ സൂനഹദോസ് മലബാർ സഭയിൽ ഈ പതിവ് നിർത്തലാക്കി.[4] ആദ്യസഹസ്രാബ്ദത്തിൽ എല്ലാ സഭകളിലും വലത്തുനിന്നും ഇടത്തോട്ടാണ് കുരിശു വരച്ചിരുന്നത്. ലത്തീൻ സഭയിൽ പിന്നീട് ആ പതിവിന് വ്യത്യാസം വരുത്തി.[5] കുരിശു വരയ്ക്കുന്നത് ലത്തീൻ രീതിയിലായിരിക്കണമെന്ന് ഉദയംപേരൂർ സൂനഹദോസ് നിശ്ചയിച്ചു.  സൂനഹദോസിന് മുമ്പ് ആരാധനക്രമദിവസം ആരംഭിക്കുന്നത് സായാഹ്നത്തിലാണ് എന്ന ധാരണയാണുണ്ടായിരുന്നത്. അതു യഹൂദപാരമ്പര്യമാണെന്നു പറഞ്ഞ് ഉദയംപേരൂർ സൂനഹദോസ് ആ ചിന്താഗതിയിൽ  മാറ്റം വരുത്തി.

മാർത്തോമ്മാക്രിസ്ത്യാനികൾക്ക് എല്ലാദിവസവും വിശുദ്ധ കുർബാനയർപ്പിക്കുക എന്ന പതിവുണ്ടായിരുന്നില്ല. ഞായറാഴ്ചകളിലും തിരുനാളുകളിലും ഓർമ്മദിനങ്ങളിലുമാണ് വിശുദ്ധ കുർബാനയുണ്ടായിരുന്നത്. എന്നാൽഎല്ലാദിവസവും കുർബാനയർപ്പിക്കുക എന്ന പാശ്ചാത്യസഭാശൈലി മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയിലേക്കും സ്വീകരിച്ചു.  ക്രിസ്മസ് ദിവസം മൂന്നു വിശുദ്ധ കുർബാന അർപ്പിക്കാനും വിശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷിക്കാനും മരിച്ചവർക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കാനും ചാവുദോഷ

ത്തിൻ കീഴ് വിശുദ്ധ കുർബാന കാണാനും സൂനഹദോസ് നിയമങ്ങൾ നല്കി. വിജാതീയരായ ഗായകരെയോ വാദ്യമേളക്കാരെയോ പള്ളിയകത്ത് പ്രവേശിപ്പിക്കരുത് എന്നും നിർദ്ദേശിച്ചു. പാശ്ചാത്യസഭയുടേതുപോലുള്ള തിരുവസ്ത്രങ്ങൾ മെനേസിസ് മെത്രാൻ നടപ്പാക്കി. ആരാധനക്രമ പഞ്ചാംഗം ലത്തീൻ റീത്തിലേതുപോലാക്കുകയും തിരുനാളുകളും ഓർമ്മദിനങ്ങളും തദനുസാരം തിരുത്തുകയും ചെയ്തു.

### *2.6. ബിഷപ്പ് റോസിന്റെ പരിഷ്കാരങ്ങൾ*

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായിരുന്നു ഈശോസഭാംഗമായിരുന്ന ബിഷപ്പ് ഫ്രാൻസിസ് റോസ്. സുറിയാനി അറിയാമായിരുന്നബിഷപ്പ് റോസാണ് വൈപ്പിക്കോട്ട് സെമിനാരി റെക്ടറായിരിക്കെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമഗ്രന്ഥങ്ങളും മറ്റു രേഖകളും പരിശോധിച്ച് അവയിൽ പാഷണ്ഡതയുണ്ടെന്ന് ആരോപിച്ചത്. ഉദയംപേരൂർ സൂനഹദോസിൽ ബിഷപ്പ് ഡോം മെനേസിസിന്റെ വലംകൈയായി പ്രവർത്തിച്ചിരുന്നതും അദ്ദേഹമാണ്. ലത്തീൻ പാരമ്പര്യത്തിലുള്ള പല ഭക്താഭ്യാസങ്ങളും മലബാർ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ച കാലമായിരുന്നു സൂനഹദോസിനുശേഷം തുടർന്നുവന്നമൂന്നു നൂറ്റാണ്ടുകൾ.

സൂനഹദോസ് നിർദ്ദേശിച്ച പല മാറ്റങ്ങളും നടപ്പിൽ വരുത്തിയത് അങ്കമാലി മെത്രാനായിവന്നബിഷപ്പ് റോസാണ്. മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തെ ലത്തീൻ ആരാധനക്രമത്തോട് അനുരൂപപ്പെടുത്താനുള്ള പ്രകടമായ ശ്രമങ്ങൾ തുടങ്ങിവച്ചത് അദ്ദേഹമാണ്. 1601-ൽ സുറിയാനിക്കാരുടെ മെത്രാനായശേഷം 1603-ൽ അദ്ദേഹം അങ്കമാലിയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. അതിന്റെ വെളിച്ചത്തിൽ1606-ൽ അങ്കമാലി രൂപതയുടെ നിയമാവലി അദ്ദേഹം പ്രസിദ്ധീകരിച്ചു. സുറിയാനി ഭാഷയിൽ പരിഭാഷ ചെയ്ത് ലത്തീൻ ആരാധനക്രമങ്ങൾ നടപ്പിലാക്കാൻ സുറിയാനി-ലത്തീൻ ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്ന ബിഷപ്പ് റോസിനു വളരെയെളുപ്പം സാധിച്ചു. മാമ്മോദീസായ്ക്കു ലത്തീൻ റീത്തിലെ കർമ്മങ്ങൾ തന്നെ ഉപയോഗിക്കണമെന്നു റോസ് കർശനനിർദ്ദേശം നല്കി. [6] വിശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷിക്കണം, ലത്തീനിൽനിന്നും എടുത്ത പ്രാർത്ഥന എട്ടുദിവസം ചൊല്ലണം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം നിയമാവലിയിൽ ചേർത്തു. റോസിന്റെ പരിഷ്കാരങ്ങൾക്കുശേഷം 1774 മാർച്ച് 25-ന് സുറിയാനി കുർബാന തക്സ റോമിൽ അച്ചടിക്കുന്നതുവരെ കാര്യമായ മാറ്റമൊന്നും ഉണ്ടായതായി കാണുന്നില്ല.

### *2.7.സുറിയാനി തക്സ*

പ്രൊപ്പഗാന്ത ഫീദെയുടെ കീഴിലുള്ള മലബാർ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കാ ഫ്ളോറൻസ് മെത്രാൻ (1757-1773) സുറിയാനിക്കാരുടെ കുർബാന തക്സ റോമിൽനിന്നും അച്ചടിച്ചുവാങ്ങാൻ ശ്രമം തുടങ്ങി. വികാരിയാത്തിൽ വിശുദ്ധ കുർബാനയ്ക്ക് ഐകരൂപ്യം ഉളവാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, ഐകരൂപ്യം എന്നത് ലത്തീൻ റീത്തിലേതുപോലെ ആക്കുക എന്നതായിരുന്നു.

അനേക വർഷത്തെ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം 1774-ൽ റോമിൽനിന്ന് തക്സ അച്ചടിച്ചു നല്കി.

പൗരസ്ത്യസുറിയാനി കുർബാനയിൽ ഇല്ലാതിരുന്നകുറെ പ്രാർത്ഥനകൾ ഈ തക്സയിൽ ചേർത്തിരുന്നു. വി. കുർബാന' 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ" എന്ന പ്രാർത്ഥനയോടെ കുരിശുവരച്ചു തുടങ്ങാനുള്ള നിർദ്ദേശം, മാറൊനീത്ത റീത്തിൽനിന്നും കൂട്ടിച്ചേർത്ത മൂന്നു പ്രാർത്ഥനകൾ, (അതിലൊന്നാണ് ഇന്നും മലബാർ കുർബാനയിൽ ഉപയോഗിക്കുന്ന ' 'വിശുദ്ധീകരണത്തിന്റെ ബലിപീഠമേ...' ' എന്നു തുടങ്ങുന്ന ബലിപീഠത്തോട് വിടപറയുന്ന പ്രാർത്ഥന), സുവിശേഷവായനയ്ക്കുമുമ്പ് ഡീക്കനെ ആശീർവദിക്കുന്ന ലത്തീൻ രീതി, വിശുദ്ധ കുർബാന സ്വീകരണത്തിന്റെ പ്രത്യേക കർമ്മങ്ങൾ, സ്ഥാപനവചനങ്ങൾക്കുശേഷം വിശുദ്ധ കുർബാന എടുക്കുമ്പോഴൊക്കെയും മുട്ടുകുത്തി ആചാരം ചെയ്യണമെന്ന നിർദ്ദേശം, സ്ഥാപനവചനങ്ങൾക്കുശേഷം വിശുദ്ധ വസ്തുക്കൾ ഉയർത്തണം എന്ന നിർദ്ദേശം എന്നിവ ഈ തക്സയിൽ കൂട്ടിച്ചേർക്കപ്പെട്ട ഘടകങ്ങളാണ്. ജൂലൈ 3-ലെയും ഡിസംബർ 18-ലെയും തോമാശ്ലീഹായുടെ തിരുനാളുകളും നിനിവെക്കാരുടെ തിരുനാളും മാത്രം കൂട്ടിച്ചേർത്ത് ലത്തീൻ പഞ്ചാംഗം നല്കി. സുറിയാനി വിവർത്തനമായ *പ്ശീത്ത* ബൈബിളിലെ വ്യത്യാസങ്ങൾ മാറ്റി ലത്തീൻ *വുൾഗാത്ത* പോലെയാക്കി; ലത്തീൻ വായനകൾ ചേർത്തു. തിരുവസ്ത്രങ്ങൾ ധരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനകൾ ലത്തീനിൽനിന്നും സുറിയാനിയിലാക്കി തക്സയിൽ അച്ചടിച്ചു. വിഭൂതി ബുധൻ, ഓശാന ഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളി, ഫെബ്രുവരി രണ്ടാം തീയതിയിലെ തിരിക്കുർബാന, മുൻകൂർ കൂദാശയുള്ള കുർബാന (Pre-sanctified Liturgy) ഇവയൊക്കെ ലത്തീൻ കുർബാനക്രമത്തിൽനിന്നും സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് തക്സയിൽ ചേർത്തു. റോമൻ കൂദാശക്രമത്തിൽനിന്നും മാമ്മോദീസ, കുമ്പസാരം, രോഗീലേപനം, വിവാഹം എന്നിവ പരിഭാഷപ്പെടുത്തി 1775-ൽ റോമിൽ അച്ചടിച്ചു. 1845-ൽ വിശുദ്ധ ജലം, സ്ഥലങ്ങൾ, തിരികൾ, ഭക്ഷണസാധനങ്ങൾ, രൂപങ്ങൾ, പടങ്ങൾ എന്നിവ വെഞ്ചരിക്കുന്നക്രമം കൂട്ടിച്ചേർത്ത് പുതിയ പതിപ്പ് റോമിൽ അച്ചടിച്ചു.

1853 മുതൽ 1868 വരെ മലബാറിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന ബിഷപ്പ് ബർണർഡിൻ ബച്ചിനെല്ലി, സുറിയാനിക്കാരുടെ വികാരി ജനറാളായിരുന്ന 'പെ.ബ.പ്രിയോർ (ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ) മലയാളഭാഷയിൽ എഴുതിയിരിക്കുന്ന *തൂക്കാസ* -കുർബാന കർമ്മവിധി - എല്ലാവരും പാലിക്കണം' എന്ന ഒരു കല്പന പുറപ്പെടുവിച്ചു. 1962 -ലെ പുനരുദ്ധാരണം വരെയുള്ള കാലത്തിലെ കുർബാനക്രമത്തിന്റെ കർമ്മവിധി ഈ *തൂക്കാസ* ആയിരുന്നു.

### 3. ആരാധനക്രമപുനരുദ്ധാരണം

പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലധിഷ്ഠിതമായ സീറോ മലബാർ ലിറ്റർജിയുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത് പതിനൊന്നാം പീയൂസ് മാർപാപ്പയായിരുന്നു. പൗരസ്ത്യസുറിയാനി പൊന്തിഫിക്കലും കുർബാനയും പുനരുദ്ധരിക്കാൻ അദ്ദേഹം മുൻകൈ

യെടുത്തു. മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യത്തിലുള്ള കുർബാനക്രമം അവികലമായി പുനരുദ്ധരിക്കേണ്ട ആവശ്യകത റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കോൺഗ്രിഗേഷൻ ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിരുന്നു. സീറോമലബാർ കുർബാനയുടെ പുനരുദ്ധാരണത്തിനുവേണ്ടി ഈ കോൺഗ്രിഗേഷൻ 1954 -ൽ ഒരു കമ്മറ്റിയെ നിയമിച്ചു. സീറോമലബാർ സഭാംഗമായ ഫാദർ പ്ലാസിഡ് ജെ. പൊടിപാറ സി.എം.ഐ.യും ഈ കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു. ഈ കമ്മറ്റി സമർപ്പിച്ച പുനരുദ്ധരിക്കപ്പെട്ട കുർബാനയുടെ ക്രമം 1957 -ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പ അംഗീകരിച്ചു.

പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ അംഗീകാരത്തോടെ സീറോ മലബാർ കുർബാനയോട് ബന്ധപ്പെട്ട മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായി. 1959-ൽ അനുഷ്ഠാനവിധികൾ, കലണ്ടർ എന്നിവയടങ്ങിയ *ഓർദോ ചെലെബ്രാസിയോണിസ് കൂദാശേ* എന്ന ഗ്രന്ഥവും 1960-ൽ കാലത്തിനനുസരിച്ച് മാറി വരുന്ന പ്രാർത്ഥനകളടങ്ങിയ *സുപ്ലെമെന്തും മിസ്തെരിയോരും* എന്ന ഗ്രന്ഥവും ലത്തീനിൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1960 -ൽതന്നെ ആലുവായിൽ നിന്ന് *തക്സാ ദ് കൂദാശേ* എന്ന പേരിൽ കുർബാനയുടെ തക്സ സുറിയാനിയിൽ പ്രസിദ്ധീകരിച്ചു. ഭാഗികമായ മലയാള പരിഭാഷയോടുകൂടിയ കുർബാന തക്സ 1962-ൽ പ്രസിദ്ധീകരിക്കുകയും സീറോ മലബാർ സഭയിൽ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു.

പൗരസ്ത്യസുറിയാനി പാരമ്പര്യം കാലോചിതമായി പരിഷ്കരിക്കണമെന്ന ചിന്ത ശക്തമായപ്പോൾ 1968-ൽ ഭേദഗതികളോടെ തയ്യാറാക്കിയ തക്സയ്ക്ക് റോമിൽനിന്ന് പരീക്ഷണാർത്ഥം അംഗീകാരം നല്കി. കഴിവതും വേഗം പൗരസ്ത്യസഭാപാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്നതക്സ തയ്യാറാക്കാൻ റോമിൽനിന്ന് ആവശ്യപ്പെട്ടു. റോമിന്റെ ആഹ്വാനപ്രകാരം തയ്യാറാക്കിയ *റാസ*ക്രമത്തിന് 1985 -ൽ റോം അംഗീകാരം നല്കി. 1986 ഫെബ്രുവരി 8-ന് കോട്ടയത്തുവച്ച് ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ച ചടങ്ങിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് പുനരുദ്ധരിച്ച ഈ റാസക്രമം അനുസരിച്ച് കുർബാന ആദ്യമായി അർപ്പിച്ചത്. ആഘോഷപൂർവ്വകമായ ക്രമത്തിന്റെയും സാധാരണക്രമത്തിന്റെയും തക്സയ്ക്ക് 1989 -ൽ പരിശുദ്ധ സിംഹാസനം അംഗീകാരം നല്കി. വിശുദ്ധ കുർബാനയുടെ കാലത്തിനനുസരിച്ചുള്ള പ്രാർത്ഥനകൾ (*പ്രോപ്രിയ*) തയ്യാറാക്കി.

പൗരസ്ത്യ സുറിയാനി കുർബാനക്രമത്തിലുള്ള മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ (*അനാഫൊറകൾ*) ഉദയംപേരൂർ സൂനഹദോസ് നിരോധിച്ചിരുന്നു. 1957-ൽ പുനരുദ്ധരിക്കപ്പെട്ട കുർബാനയ്ക്ക് റോം അംഗീകാരം നല്കിയപ്പോൾ ഈ രണ്ടു കൂദാശകളും പരിഭാഷപ്പെടുത്തി കുർബാനയിൽ ഉപയോഗിച്ചു തുടങ്ങാൻ അനുവാദം നല്കിയിട്ടുണ്ടായിരുന്നു. *മാർ തെയദോറിന്റെ കൂദാശ*യുടെ പുനരുദ്ധരിച്ച ക്രമത്തിന് 2013-ൽ റോമിൽനിന്ന് ലഭിച്ച അംഗീകാരത്തോടെ അതും ഉപയോഗിച്ചു തുടങ്ങി. നെസ്തോറിയസിന്റെ കൂദാശയും പുനരുദ്ധരിച്ചുപയോഗിക്കാൻ സീറോമലബാർ സിനഡ് തീരുമാനിച്ചു.

പുനരുദ്ധരിക്കപ്പെട്ട കൂദാശകളുടെ തക്സ 2004 –ൽ പ്രസിദ്ധീകൃതമായി. ക്രിസ്മസ്, വിഭൂതി, വിശുദ്ധവാര കർമ്മങ്ങൾ, തിരുപ്പട്ടങ്ങൾ, മൂറോൻ കൂദാശ, വ്രതവാഗ്ദാനകർമ്മ ങ്ങൾ, ദൈവാലയകൂദാശ (2014) എന്നിവയുടെ തക്സകളും പ്രഘോഷണഗ്രന്ഥങ്ങളും (*Lectionaries* –2013) സഭയിൽ ഉപയോഗത്തിൽ വന്നുകഴിഞ്ഞു. യാമപ്രാർഥനകൾ, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾ, തിരുനാൾ ശുശ്രൂഷകൾ, ആശീർവാദശുശ്രൂഷ കൾ എന്നിവയാണ് പുനരുദ്ധാരണം പൂർത്തിയാക്കാനുള്ള മറ്റ് ആരാധനക്രമ ഗ്രന്ഥങ്ങൾ.

**അടികുറിപ്പുകൾ**

1. For details, see Paul Pallath, *The Eucharistic Liturgy of the St. Thomas Christians and the Synod of Diamper*, Kottayam, 2008.

സൂനഹദോസിന്റെ അഞ്ചാമത്തെ സമ്മേളനം പൂർണ്ണമായും വിശുദ്ധ കുർബ്ബാനയുടെ ദൈവശാസ്ത്രം, ആരാധനക്രമം, ചട്ടങ്ങൾ മുതലായവയാണ് ചർച്ച ചെയ്തത്. ആകെയുള്ള 24 ഡിക്രികളിൽ 9 എണ്ണം വിശുദ്ധ കുർബ്ബാന എന്ന കൂദാശയുടെ തത്വങ്ങളും 15 എണ്ണം വിശുദ്ധ കുർബ്ബാന എന്ന ബലിയുടെ പരമ്പരാഗതരീതികളും സംബന്ധിച്ചുള്ളവയാണ്. ഈ 24 ഡിക്രികൾ ഡോം മെനേസിസ് ഉദയംപേരൂർ സൂനഹദോസിൽ വിശുദ്ധ കുർബ്ബാന സംബന്ധിച്ച വരുത്തിയ മാറ്റങ്ങൾ വ്യക്തമാക്കുന്നവയാണ്.

2. Ibid. pp. 86-123

3. "വിശേഷിച്ച ചില കുർബാന തക്സായിൽ നെസ്തോറീസിന്റെയും തെയദോറിന്റെയും കുർബാന എഴുതുപെട്ടിട്ടുള്ളതുകത്തിച്ചുക്കളയണം. മഹറോന്റെ പ്രാശ്ചിത്വത്താൽ ആ കുർബാന ചെയ്യുകയും അരുത്'.' കെ.എൻ. ദാനിയേൽ, *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ,* pp. 978.

സൂനഹദോസ് വിഭജനശുശ്രൂഷയും ഏതാണ്ട് ലത്തീൻ റീത്തിലേതു പോലാക്കി. സൂന ഹദോസിന്റെ കാനോനകളിൽ (നാലാം മൗത്വാ, മൂന്നാം കാനോന പേജ്.99). സുറിയാ നിയിലെ കുർബാന തക്സായിൽ ഒരു കൃത്യം എഴുതപെട്ടീട്ടു്. അതായത്, കൂദാശ ചെയ്യ പ്പെട്ട ഓസ്തിമേൽ കൂദാശ ചെയപ്പെട്ട ചോര പെരുവിരലിൽ പുരട്ടി ഉയർത്തണം എന്നത് വിശ്വാസത്തിനു മറുത്ത് ഉള്ളത് എന്നറിഞ്ഞ് ആരും ചെയ്യരുത്. അത് എന്റെ ശരീര ത്തിൻമേൽ ചോര ഇല്ല എന്നും ചോരയിൽ ശരീരമില്ല എന്നും വിശ്വാസക്കെടുകാരെ ഒണ്ടാക്കിയതാനെക്കൊണ്ട് കർത്താവിന്റെ തിരുവിലാവിൽ കുന്തംകൊണ്ട് കുത്തുന്നതിന്റെ സൂചനയായി ഉപയോഗിച്ചിരുന്ന ഒരു കർമ്മത്തെ സിനഡ് ' 'വിശ്വാസത്തിന് മറുത്ത് ഒരു കൃത്യം" എന്നി വിശേഷിപ്പിച്ച് ദൈവശാസ്ത്രപരമായ ഒരു ദുർവ്യാഖ്യാനവും കൊടു ക്കുന്നുണ്ട്.

4. ദാനിയേൽ,പേജ്, 87.

5. ദാനിയേൽപേജ്,.183, ഏഴാം മൗത്വാ, 30–ാം കാനോന. ' 'എല്ലാ പള്ളിയിടെ നെറിവും മരിയാതെയും ആകുന്നത് സ്ലീവാ അടയാളം വരക്കും പൊഴും റൂശുമാ ചെയും പൊഴും എടത്തുനിന്ന് വലത്തോട്ട് ചെതു ഞായം... എല്ലാ പള്ളിയൊടും ശുദ്ധമാന

റൊമ്മാപള്ളിയോടുംകൂടെ എല്ലാം കൊണ്ടും ഒരു പോലെ ഒരും പെടുവാൻ ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു,... വരക്കുന്ന സ്ലീവാ അടയാളങ്ങളും ഒടുക്കത്തെ റൂശുമായും എടത്തുനിന്ന് വലത്തോട്ടു വേണം എന്ന... ഇവണ്ണം തന്നെ പട്ടക്കാര് ഒക്കെയും വെണം. കുർബാനയിലും ശുദ്ധമാനകൂദാശകളിലും മറ്റും റൂശുമ വെണ്ടുന്നിടത്ത് ഒക്കെ".

6. എന്നാൽ റോമ്മാപള്ളിയുടെ മര്യാതിക്ക തക്കവണ്ണം എഴുത്തുപെട്ട തക്കസായിലെ ക്രമത്തിനു തക്കവണ്ണം വിഗാരിമാര ഒന്നുപോലെ തന്നെ മുക്കായ്കിൽ മേല്പട്ടക്കാരൻ അവരെ കടുമയൊടുകൂടെ കുറ്റപ്പടുക്കയും വേണം, സ്കറിയ സഖറിയ, *രണ്ടു പ്രാചീന കൃതികൾ,* പേജ്,123.